നമ്പർ.ജി(1)70117/2018

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 26.07.2018.
Website:www.cooperation.kerala.gov.in
e-mail : keralarcs@coop.kerala.gov.in

**സർക്കുലർ : 39/2018**

വിഷയം:- സംസ്ഥാനത്തെ കൊള്ള പലിശക്കാർ, അന്യസംസ്ഥാനത്തു നിന്നുള്ള വട്ടിപ്പലിശക്കാർ, സ്വകാര്യ മൈക്രോ ഫിനാൻസ് കമ്പനിക്കാർ എന്നിവരുടെ സാമ്പത്തിക ചൂഷണത്തിന് വിധേയ മാകുന്നവരെ സഹകരണ മേഖലയുടെ വ്യാപനവും ശക്തിയും കുടുംബശ്രീയുടെ സംഘടനാ സംവിധാനവും പ്രയോജനപ്പെടുത്തി പരിരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് നടപ്പാക്കുന്ന "മുറ്റത്തെ മുല്ല" എന്ന ലഘു ഗ്രാമീണ വായ്പാ പദ്ധതി- സംബന്ധിച്ച്

സൂചന:- സഹകരണ സംഘം രജിസ്ട്രാറുടെ 22.06.2018 ലെ 33/2018 നമ്പർ സർക്കുലർ

********

"മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി സംബന്ധിച്ച് സൂചന പ്രകാരം സർക്കുലർ നിർദ്ദേശം നൽകിയിരുന്നു. ആയതിൽ ചുവടെ ചേർക്കുന്ന ഭേദഗതികൾ വരുത്തുന്നു. പദ്ധതി നിർവ്വഹണം സംബന്ധിച്ച് നിലവിൽ കുടുംബശ്രീ യൂണിറ്റ് അംഗങ്ങൾക്ക് വായ്പ നൽകുന്നതിനോ, മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കാനോ പാടില്ല എന്ന വ്യവസ്ഥയിൽ, അത്യാവശ്യ ഘട്ടങ്ങളിൽ വായ്പക്കാരുടെ ആവശ്യം പരിഗണിച്ച് ഉത്തമ ബോദ്ധ്യം വരുന്ന സാഹചര്യത്തിൽ പരിമിത എണ്ണം അംഗങ്ങൾക്ക് വായ്പ നൽകാവുന്നതാണ്.

സൂചന സർക്കുലർ നിർദ്ദേശത്തിലെ തിരിച്ചടവ് ഉറപ്പുവരുത്തൽ ഭാഗത്ത് ചുവടെ പറയുന്ന ഭേദഗതി വരുത്തുന്നു. വായ്പയുടെ തിരിച്ചടവ് കുടുംബശ്രീ യൂണിറ്റ് ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി കുടുംബശ്രീ യൂണിറ്റും, പ്രാഥമിക കാർഷിക വായ്പാ സംഘവും, വായ്പക്കാരനും ചേർന്ന് ഒരു ത്രികക്ഷി സമ്മതപത്രം (Tri party agreement) ഒപ്പിടേണ്ടതാണ്. ഈ സമ്മതപത്രത്തിൽ ഒന്നാം കക്ഷി പ്രാഥമിക കാർഷിക സഹകരണ സംഘവും, രണ്ടാം കക്ഷി കുടുംബശ്രീ അംഗവും, മൂന്നാം കക്ഷി വായ്പക്കാരനും ആയിരിക്കും. വായ്പ തുക കുടിശിക വരുത്തിയാൽ വായ്പക്കാരനും, കുടുംബശ്രീ അംഗവും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികളായിരിക്കും. മൂന്നാം കക്ഷിയിൽ നിന്ന് തുക വസൂലാക്കുവാൻ സംഘത്തിന് നിയാമാനുസൃത നടപടികൾ സ്വീകരിക്കാൻ അധികാരം ഉണ്ടായിരിക്കും. കുടിശ്ശിക വായ്പകൾ മൊത്തം വായ്പയുടെ 20 ശതമാനത്തിൽ അധികരിക്കുന്ന സാഹചര്യം ഉണ്ടായാൽ അതിനുത്തരവാദികളായ കുടുംബശ്രീ യൂണിറ്റുകളുടെ ക്യാഷ് ക്രഡിറ്റ് വായ്പാ പരിധി തുടർ വർഷങ്ങളിൽ പുതുക്കി നൽകുന്നതല്ല.

ഒപ്പ്
ഇ.ആർ.രാധാമണി,
സഹകരണ സംഘം രജിസ്ട്രാർ(ഇൻചാർജ്).

പകർപ്പ്:-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ,സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
4. ജോയിന്റ് രജിസ്ട്രാർമാർ(ജനറൽ)ജോയിന്റ് ഡയറക്ടർമാർ(ആഡിറ്റ്)
5. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ
6. എല്ലാ പ്രാഥമിക സഹകരണ വായ്പാ സംഘങ്ങൾക്കും (ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
7. എല്ലാ പ്രാഥമിക കാർഷിക വികസന ബാങ്കുകൾക്കും
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും(ജനറൽ)
9. എഡിറ്റർ, സഹകരണവീഥി
10. എഡിറ്റർ, സഹകരണ ജേർണൽ
11. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
12. വെബ് സൈറ്റ്
13. ജി (1) 22095/14 ഫയലിലേയ്ക്ക്
14. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)